# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4970

21.10.2011-ൽ
മറുപടിക്ക്.

## വിദേശ നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിദേശത്തു നിന്നും നിക്ഷേപകർ വ്യവസായ രംഗത്ത് മുതൽമുടക്കുന്നതിന് സർക്കാർ എന്തെല്ലാം പ്രോത്സാഹന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) വ്യവസായ മേഖലയിൽ വിദേശത്തു നിന്നുള്ള നിക്ഷേപത്തിന്റെ പങ്ക് ഉറപ്പാക്കുന്നതിന് വേണ്ടി കേരളത്തിൽ കൂടുതൽ വ്യവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യവസായ, ഐ.ടി, ടൂറിസം, സെസ്സ്, തൊഴിൽ നയങ്ങൾ രൂപീകരിച്ചുവരുന്നു. ഇന്ത്യയ്ക്കത്തും പുറത്തും വിവിധ മേഖലയിലെ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി വ്യവസായ നിക്ഷേപ സംഗമങ്ങൾ നടത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി 'എമർജിംഗ് കേരള' എന്ന നിക്ഷേപക സംഗമം രണ്ടു വർഷത്തിലൊരിക്കൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഏകജാലക ക്ലിയറൻസ് സംവിധാനം കാര്യക്ഷമമാക്കുന്നതു വഴി വൻകിട പദ്ധതികൾ പ്രോൽസാഹിപ്പിക്കാൻ സർക്കാർ വിഭാവനം ചെയ്യുന്നു.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ നിക്ഷേപ മൂലധന സബ്സിഡിയായി ആകെ മുതൽമുടക്കിന്റെ 10% നൽകുന്നു. കൂടാതെ വ്യവസായ സംരഭകൻ NRK (Non Residential Kerala) ആണെങ്കിൽ 5 ലക്ഷം രൂപ വരെ 6% പലിശ നിരക്കിൽ മാർജിൻ മണി വായ്പയായി നൽകുന്നു. |
| (ബി) പുതിയ സാമ്പത്തിക വർഷം വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പ് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ? | (ബി) 2012-ൽ 'എമർജിംഗ് കേരള' എന്ന നിക്ഷേപക സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2011-2012 സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നിലവിലുള്ള പദ്ധതികൾക്ക് പുറമേ 3 പദ്ധതികൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്. അവ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2011-12 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള പദ്ധതികൾക്ക് പുറമേ പുതിയതായി 3 പദ്ധതികൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ താഴെ പറയുന്നവയാണ്.

1). **അഭ്യസ്തവിദ്യരായ യുവ സംരംഭകർക്ക് തൊഴിൽ നൽകുന്ന പദ്ധതി:-**

അഭ്യസ്തവിദ്യരായ യുവ സംരംഭകർക്ക് പ്രത്യേകിച്ച് സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും ഉള്ളവർക്ക് പുതിയ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ (സ്ഥാപിക്കുന്നതിന് ധനസഹായം) നൽകുക. ഇതനുസരിച്ച് പ്രോജക്ട് ചെലവ് 5 ലക്ഷം രൂപ വരെയുള്ള പദ്ധതികൾ തുടങ്ങുന്നതിന് ബാങ്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനായി പദ്ധതി ചെലവിന്റെ 20% പരമാവധി ഒരു ലക്ഷം രൂപവരെ മാർജിൻ മണിയായി നൽകുന്നതാണ്. പദ്ധതിയുടെ ധനകാര്യ സ്രോതസ്സ് ഇപ്രകാരമായിരിക്കും.

| | | |
|---|---|---|
| സംരംഭകന്റെ വിഹിതം | - | പദ്ധതിയുടെ 10% |
| ധനകാര്യ സ്ഥാപനം | - | പദ്ധതിയുടെ 70% |
| സർക്കാർ ഗ്രാന്റ് | - | പദ്ധതിയുടെ 20% |

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി ഇതിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതായിരിക്കും. ഈ വർഷം ഇതിനായി 150 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്.

2) CGTMSE പദ്ധതി പ്രകാരം വായ്പ എടുക്കുന്ന സംരംഭകർക്ക് ഗ്യാരണ്ടിഫീസും വാർഷിക സർവ്വീസ് ഫീസും മടക്കി നൽകുന്ന പദ്ധതി:-

CGTMSE പദ്ധതി പ്രകാരം സംരംഭകർക്ക് ചെലവായ ഗ്യാരന്റി ഫീസും വാർഷിക സർവ്വീസ് ഫീസും മടക്കി നൽകുന്ന പദ്ധതി. സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് CGTMSE പദ്ധതിയുടെ ക്രെഡിറ്റ് ഗ്യാരന്റി പ്രകാരം ഈടുരഹിത വായ്പ ലഭിയ്ക്കുന്നതിനായി ഒറ്റത്തവണ ഗ്യാരന്റി ഫീസും വാർഷിക ഫീസും നൽകേണ്ടതുണ്ട്. ഇങ്ങനെ നൽകുന്ന ഫീസ് സംരംഭകർക്ക് സർക്കാർ ഗ്രാന്റായി നൽകുന്ന പദ്ധതിയാണിത്. ഇതനുസരിച്ച് 5 ലക്ഷം രൂപ വരെ ലോൺ ലഭിക്കുന്നവർക്ക് ഗ്യാരന്റി ഫീസിന്റെ ഒരു ശതമാനവും 5 ലക്ഷത്തിനും മുകളിലുള്ളവർക്ക് ഗ്യാരന്റി ഫീസിന്റെ ഒന്നര ശതമാനവും സർക്കാർ സഹായമായി നൽകുന്നതാണ്.

അതുപോലെ വാർഷിക സർവ്വീസ് ഫീസായി 5 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് പരമാവധി 0.50%ഉം 5 ലക്ഷത്തിനു മുകളിലുള്ള പദ്ധതികൾക്ക് 0.75% ഉം സഹായമായി നൽകുന്നതാണ്.

ഗ്യാരന്റി ഫീസ് ഒരു സ്ഥാപനത്തിന് പരമാവധി ഒന്നര ലക്ഷം രൂപയും സർവ്വീസ് ഫീസ് പരമാവധി 75,000/- രൂപയും ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. പഴവർഗ്ഗ- പച്ചക്കറി അധിഷ്ഠിത വ്യവസായ സംരംഭകർക്കും 5% ടേൺ ഓവർ സബ്സിഡി അനുവദിക്കുന്നത്:-

കേരളത്തിൽ സ്ഥാപിച്ച് പ്രവർത്തനം നടത്തുന്ന പഴം, അച്ചാർ, ജാം, ജ്യൂസ്, സ്ക്വാഷ് തുടങ്ങിയ കാർഷിക ഭക്ഷ്യ അധിഷ്ഠിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് അവരുടെ കേരള സംസ്ഥാനത്തിലെ 50 ലക്ഷം രൂപവരെയുള്ള വിറ്റുവരവിന്റെ 5% പരമാവധി 2.5 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകും. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ വിൽപ്പനയ്ക്ക് 12.5% VAT നികുതി നൽകേണ്ടതുമാണ്.